## പ്രതിമാസ ധ്യാനം





എല്ലാമാസവും പതിവുപോലെ നടത്താറുള്ള ധ്യാനം മാർച്ച് 9-ാം തീയതി നടത്തുകയുണ്ടായി. ബഹു.മഹേഷ്അച്ചൻ നയിച്ച ധ്യാനത്തിൽ നിന്ന്.



സെന്റ് മേരീസ് കത്തീഡ്രൽ കൺവെൻഷൻ choir അംഗങ്ങൾ

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Apr. 08 - 07.00 am, Apr.15 - 10.00 am,<br>Apr. 22 - 07.00 am, Apr. 29 - 10.00 am<br>May.06 - 07.00 am. |
| സെമിത്തേരിമുക്ക് ചാപ്പൽ: | Apr. 15 - 07.30 am, Apr. 29 - 07.30 am |

**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

## ഇംഗ്ലീഷ് വി. കുർബ്ബാന

**ഏപ്രിൽ 8 മുതൽ പതിവുപോലെ എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. കുർബ്ബാന ഇംഗ്ലീഷിൽ, വൈകുന്നേരം 5.30 ന്**

## ഇടവക കൺവെൻഷൻ

മാർച്ച് മാസം 16,17,18 തീയതികളിൽ ഇടവക കൺവെൻഷൻ ഭംഗിയായി ക്രമീകരിച്ചിരുന്നു. 16-ാം തീയതി ശ്രീമതി. മെർലിൻ റ്റി.മാത്യൂസ് പുത്തൻകാവ്, 17-ാം തീയതി ബഹു.ബെസിലാൽ റമ്പാച്ചൻ, പത്തനംതിട്ട ബേസിൽ ദയറാ, 18-ാം തീയതി ശ്രീ.പി.ജെ. ജേക്കബ് കറ്റാനം എന്നിവരാണ് വചന ശുശ്രൂഷ നടത്തിയത്.

*(ഇടയലേഖനം തുടർച്ച)*

നിലനിൽക്കുന്നവയാണ്. ആദിമാതാപിതാക്കൾ, സൃഷ്ടിച്ച ദൈവം നേരിട്ട് നൽകിയ ഉപദേശ - ശാസനകൾ, ആദ്യ അവസരത്തിൽ തന്നെ തള്ളിയതെന്താവാം?."വരുതിക്ക് നില്ക്കാൻ" മനസ്സില്ലാതിരുന്നതുകൊണ്ടുതന്നെ. അത് മരണത്തിലേക്കും നാശത്തിലേക്കും എത്തിക്കുമെന്ന് അവർ അറിയാഞ്ഞിട്ടല്ല. സ്വയേച്ഛയാൽ നന്മചെയ്തു, ധർമ്മം നിവർത്തിക്കുന്നതാണ് ശരിയായ സ്വാതന്ത്ര്യം എന്ന് അവർ ഗ്രഹിച്ച്, അനന്തരാവകാശികളെ പഠിപ്പിക്കാൻ ആദ്യം ശ്രമിച്ചില്ല. എന്നാൽ "വീഴ്ചക്കു" ശേഷം അങ്ങിനെ ചെയ്തു എന്ന് പ്രാർത്ഥനയിൽ കാണുന്നുണ്ട്.

അഭിപ്രായസ്ഥിരത നല്ലതുതന്നെ. എന്നാൽ ശാഠ്യം എന്ന ശീലം പുനർവിചിന്തനത്തിനു വിഷയമാക്കേണ്ടതാണ്. നന്മയിൽ ഉറച്ചു നിൽക്കാനുള്ള ശാഠ്യം പൊതുവെ ആർക്കും ഉപദ്രവമുണ്ടാക്കുന്നതല്ല. എന്നാൽ കീഴ്വക്കവും വിധേയത്വവുമില്ലാതെ, നിർബന്ധബുദ്ധി കാട്ടുന്നത് ആത്യന്തികമായി ആപത്തിലേക്ക് തന്നെ എത്തിക്കും. ■

## പ്രാർത്ഥനാ യോഗങ്ങൾ

**St. Thomas Unit (North-Pachalam Area) 08-04-2018 - 4 pm**
**ശ്രീ. ജോസ് P.സഖറിയ**
പുലിക്കോട്ടിൽ ഹൗസ്
ജെട്ടി റോഡ്, വടുതല, കൊച്ചി 23.
ഫോൺ: 2435614, 9048542488

**St. Marys Unit (Central Area) 15-04-2018 - 4 pm**
**ശ്രീ. റോയ് P. ജോർജ്**
പണിക്കൻതറ ഹൗസ്, (തേവര സെന്റ് തോമസ് ഓർത്തോഡോക്സ് പള്ളിക്കു മുൻപിൽ), കൊച്ചി 15
ഫോൺ : 2318544, 9946028544

**St. Gregorios Unit (Elamkulam-Kadavanthra Area) 22-04-2018 - 4 pm**
**ശ്രീ. മാമ്മൻ എബ്രഹാം**
വിവേക് നഗർ,
കടവന്ത്ര, കൊച്ചി 20.
ഫോൺ : 2318485, 9447368886

**സംയുക്തപ്രാർത്ഥനയോഗം**
**29-04-2018 - (ഞായറാഴ്ച) 4 pm**
കത്തീഡ്രലിൽ റവ.ഫാ.സക്കറിയ നൈനാൻ (സക്കേർ അച്ചൻ), , നാലുന്നാക്കൽ ദയറയുടെ നേതൃത്വത്തിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.




Editorial Board : K.K. George (94470 40484), Mathew Koshy, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 12 ISSUE : 04 APRIL 2018

### എഡിറ്റോറിയൽ

## കളി കാണുന്നവർ

ഗാലറികളിരുന്ന് കളികാണുന്നവർ കളിക്കാർക്ക് എന്തെങ്കിലും പിഴവ്പറ്റുമ്പോൾ കുറ്റം പറയുന്നത് ഒരു സ്വഭാവമായി തീർന്നിട്ടുണ്ട്. ഇങ്ങിനെ കുറ്റം പറയുന്നവർക്ക് കളിക്കാരുടെ ബുദ്ധിമുട്ടുകളും, അവരുടെ പ്രതിബദ്ധതയും, അവരുടെ കഴിവും ഒന്നും കണക്കാക്കേണ്ടതില്ല. ഇക്കൂട്ടത്തിൽ ഭൂരിപക്ഷത്തിനും കളിയെക്കുറിച്ചു ഒരു വിവരവും കാണുകയുമില്ല.

ഇതേ പ്രതിഭാസമാണ് ജനാധിപത്യരീതിയിൽ ഭരണസംവിധാനമുള്ള പലയിടങ്ങളിലും കാണുന്നത്. അത് സംഘടനകളായാലും, സമുദായമായാലും, പഞ്ചായത്തായാലും എല്ലാം ഒരുപോലെയാണ്. തെരഞ്ഞെടുക്കപ്പെട്ടവരെ ഭരിക്കാൻ വിടുന്ന ഒരു സ്വഭാവം നമ്മിൽനിന്ന് അകന്നുപോയിരിക്കയാണ്. വീടുകളിൽ അച്ഛനമ്മമാരോട് അനുസരണമുള്ള മക്കൾ ഇല്ലാതാകുന്നതിന്റെ ഭവിഷ്യത്താണിത്. ഈ ദുസ്വഭാവം വീടുകളിൽനിന്ന് ഇടവകകളിലേക്കും, ഇടവകകളിൽ നിന്ന് ഭദ്രാസനങ്ങളിലേക്കും, ഭദ്രാസനങ്ങളിൽ നിന്ന് സഭയിലേക്കും വ്യാപിക്കുന്നതാണ് ഇന്നത്തെ ഏറ്റവും വലിയ ആപത്തെന്നുപറയാം. സൃഷ്ടിപരമായ വിമർശനം ആവശ്യം തന്നെ. സഹായകരമായ ഉപദേശങ്ങൾ എതിർപക്ഷത്തുള്ളവർ സ്വാഗതം ചെയ്യും. ആ ഉപദേശങ്ങൾ മറ്റുള്ളവരെ കുറ്റപ്പെടുത്താതെയായിരിക്കണമെന്നുമാത്രം.

വാട്ടസ്ആപ്, ഫേസ്ബുക് മുതലായവയുടെ നിരുത്തരപരമായ ഉപയോഗം ക്രിസ്തീയമല്ലാതാകുമ്പോൾ മറ്റുമതക്കാരും നമ്മോടുള്ള കാഴ്ചപ്പാട് മാറ്റിയെന്നുവരും. ഒരു ജനാധിപത്യ ഭരണസംവിധാനത്തിൽ എല്ലാവർക്കും സ്വീകാര്യമായ സംഗതികൾ മാത്രം ചെയ്യുവാൻ ഭരണാധികാരികൾക്ക് സാധിച്ചെന്നുവരില്ല. തന്നെയുമല്ല ഇപ്പോഴത്തെ സാഹചര്യത്തിൽ പല കാര്യങ്ങളും രഹസ്യമായി നേതൃത്വത്തിന് ചെയ്യേണ്ടതായും വരും. അപ്പോഴൊക്കെ സാഹചര്യങ്ങൾക്കുവിധേയരായി പ്രവർത്തിക്കുവാൻ അംഗങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

ഗാലറിയിലിരുന്നു കളി കാണുന്നവരിൽ കുറച്ചുപേരെങ്കിലും ഇറങ്ങി കളിക്കുവാൻ കഴിവുള്ളവരായിരിക്കും. അങ്ങിനെയുള്ളവരുടെ ഉപദേശം കളിക്കാർക്ക് വിലയേറിയതായിരിക്കും. അതുപോലെതന്നെ ഭരിക്കുന്നവരേക്കാൾ കൂടുതൽ കഴിവുള്ളവർ ധാരാളം പുറത്തുണ്ടാവും. അവർ ജനാധിപത്യ രീതിയിൽ ഇടവകകളിലെയോ, സഭയിലെയോ ഭരണമേറ്റെടുക്കുന്നവരെ കുറ്റംപറഞ്ഞു തോൽപ്പിക്കുവാൻ ശ്രമിക്കാതെ, നല്ല ഉപദേശങ്ങൾ കൊടുത്തു അവരെ സഹായിക്കുകയാണ് ക്രിസ്തീയ മാർഗ്ഗം മാത്രം ചിന്തിക്കേണ്ട നാം ചെയ്യേണ്ടത്. ■

### ഇടയ ലേഖനം

## ശാഠ്യം എന്ന തിന്മ

ഡോ. യാക്കോബ് മാർ ഐറിനിയോസ് മെത്രാപ്പോലീത്ത



കൂടെ കൂടെ ശാസന കേട്ടിട്ടും ശാഠ്യം കാണിക്കുന്നവൻ നീക്കുപോക്കില്ലാതെ പെട്ടെന്ന് നശിച്ചു പോകും (സദൃശ്യ.29:1).

വിനയം ദൈവീകമാണ്. അത് മനുഷ്യനെ ഈശ്വര തുല്യനാക്കുന്നു. അഹംഭാവം പെരുകുമ്പോൾ വിനയം നാടുനീങ്ങുന്നു. ജ്ഞാനവും വിനയവും സഹയാത്രികരാണെന്ന് വ്യവഹരിക്കപ്പെടുന്നത് വെറുതെയല്ല. സ്വന്തം അറിവിലും, സമ്പത്തിലും, സ്വപ്നങ്ങളിലും മാത്രം ഊന്നുന്നവൻ, മറ്റാരുടെയും വരുതിക്ക് നടക്കാൻ ഇഷ്ടപ്പെടുകയില്ല. മനുഷ്യൻ, തന്നിലെ തിന്മകൾ ഓരോന്നായി പിഴുതെറിഞ്ഞാലും അവസാനം വരെ പറ്റിപ്പിടിച്ചിരിക്കുന്നതാണ് "ആത്മാഭിമാനവും", "അഹംഭാവവും". മറ്റാളുകളുടെ മുമ്പിൽ തനിക്കുണ്ടെന്ന് കരുതുന്ന മതിപ്പാണ് "മാനം". അത് എന്നും ഒരുപോലെ നില്കുകയുമില്ല. മിക്കവാറും ഈ "മാനസങ്കല്പം" പൊള്ളയായിരിക്കും!.

ഉപദേശത്തിനും ശാസനക്കും ചെവികൊടുക്കാത്ത അവസ്ഥാവിശേഷം പണ്ടുമുതലേ ഉള്ളതാണ്. സ്വബുദ്ധിയിൽ മാത്രം ശരണം വയ്ക്കുന്നവൻ വഴിയാധാരമാകുക തന്നെ ചെയ്യും. മുതിർന്നവരെയും, രക്ഷിതാക്കളെയും ഗുരുതുല്യരായി കരുതുന്നുണ്ടെങ്കിൽ, അവരുടെ ആദേശങ്ങളും, ശാസനകളും വിനയപൂർവം സ്വീകരിക്കതന്നെ വേണം. എന്നാൽ ഇതിനൊരു മറുവശവുമുണ്ട്. ഇത്തരം ഗുരുസ്ഥാനീയർ, വാത്സല്യത്തോടും, ചുമതലാബോധത്തോടും മാത്രമേ "കല്പിക്കാവു"!. മനുഷ്യനായാലും, മൃഗങ്ങളായാലും സ്വയേച്ഛയിൽ മാത്രം നന്മ കണ്ടാൽ അത് വലിയ അപകടത്തിലേക്ക് വഴി തെളിക്കും. വേദപുസ്തകത്തിലെ "സാരോപദേശ" ഗ്രന്ഥമായ "സദൃശ്യവാക്യങ്ങളിൽ", അമ്മയും, ഗുരുസ്ഥാനീയരും, മക്കൾക്ക് നൽകുന്ന അന്യാപദേശങ്ങൾ ധാരാളമുണ്ട്. അവ സദാചാരപരവും, ആത്മീകവുമൊക്കെയാണ്. ധർമത്തിന്റെ പാതയിൽ നിരന്തരം ചരിക്കുമ്പോൾ, അത് "സദാ ആചരിക്കുന്ന" സദാചാരമായി ഉറയും. ദൈവഭയമില്ലാത്തവർ ആരെയും വകവെയ്ക്കുകയുമില്ല. ഇതു രണ്ടും പരസ്പര ബന്ധിതമാണെന്ന്, "ദൈവത്തെ ഭയവും, മനുഷ്യനെ ശങ്കയും" എന്ന കുറിവാക്യത്തിൽ നിന്നു വെളിവാകുന്നുണ്ടല്ലോ.

വിനയം എല്ലാ പുണ്യങ്ങളുടെയും, നന്മയുടെയും, വിളനിലവും ശ്രോതസ്സുമാണ്. കാതലായ പഠനത്തിനും വിനയം കൂടിയേ തീരു. ഉപദേശവും, മാർഗ്ഗനിർദ്ദേശങ്ങളും അനാദികാലം മുതൽ

*(ശേഷം 4-ാം പേജിൽ)*

## വികാരിയുടെ കത്ത്

# 'ഹാശായാൽ കഷ്ടതയേറ്റ സഭ മോദിക്കുമുത്ഥാനേ'

ഫാ. ബിജു എബി മാത്യൂസ്



തന്റെ രക്ഷകന്റെ ഉത്ഥാനത്തിൽ മോദിക്കുന്ന ദിനങ്ങളിൽക്കൂടി സഭ കടന്നു പോകുന്ന ഈ സന്ദർഭം. ഉത്ഥാനത്തിന്റെ ചിന്തകളിലേക്ക് നമുക്ക് കടന്നു ചെല്ലാം.

ഞാൻ ഉയിർപ്പും ജീവനുമാണെന്ന് ഉപദേശിച്ചവനായ യേശു മരിച്ചു കബറടക്കപ്പെട്ട ശേഷം ഉയിർത്തെഴുന്നേറ്റു. ക്രിസ്തുവിന്റെ ശാരീരിക പുനരുത്ഥാനം ഒരു വിലയേറിയ സത്യം ആകുന്നു. ക്രിസ്തീയ വിശ്വാസം നിലനിൽക്കുന്നത് സർവ്വപ്രധാനമായി ആ സത്യത്തിന്മേലാകുന്നു പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഇത് വ്യക്തമാകുന്നുണ്ട്. ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.

മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശുവിന്റെ ഉയിർപ്പ് ഒരു ആകസ്മിക സംഭവമായിരുന്നില്ല. അവിടുന്ന് ഇതിനെ സംബന്ധിച്ചു മുൻകൂട്ടി ഇപ്രകാരം അരുളി ചെയ്തിരുന്നു. "മനുഷ്യപുത്രൻ ഏല്പിക്കപ്പെടുവാൻ സമയം ആയിരിക്കുന്നു. അവർ അവനെ കൊല്ലുകയും മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും".

മരിച്ച ചിലർ ഉയിർപ്പിക്കപ്പെട്ടു എങ്കിലും അതിൽ നിന്ന് വ്യത്യസ്തമാണ് കർത്താവിന്റെ പുനരുത്ഥാനം. ഉയിർപ്പിക്കപ്പെട്ട എല്ലാവരും വീണ്ടും മരിച്ചു. എന്നാൽ കന്യകയിൽ നിന്നും അവതരിച്ച ദൈവപുത്രനായ യേശു മഹത്വ ശരീരത്തോടെ ഉയിർത്ത് എന്നേക്കും ജീവിക്കുന്നു. അവൻ മരിച്ചവരിൽ നിന്നുള്ള ആദ്യ ഫലമായി ഉയിർത്തെഴുന്നേറ്റു.

യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ശിഷ്യന്മാർക്കു യേശുവിന്റെ ക്രൂശുമരണത്തോടെ ഉണ്ടായ നിരാശയെ ഇല്ലാതാക്കുന്നതിനും ജീവിതത്തിൽ ആത്മീയ പ്രസരിപ്പ് ഉളവാക്കുന്നതിനും പ്രത്യാശയിൽ വളരുന്നതിനും സഹായിച്ചു.

പുനരുത്ഥാനത്തോടുകൂടിയാണ് യേശുക്രിസ്തു തന്നെ കുറിച്ച് വെളിപ്പെടുത്തിയ കാര്യങ്ങൾ ശരിയാണെന്നു വ്യക്തമാക്കുന്നത്. യേശുവിന്റെ പുനരുത്ഥാനം സംഭവിച്ചില്ലായിരുന്നുവെങ്കിൽ താൻ വെളിപ്പെടുത്തിയ കാര്യങ്ങൾ വ്യാജമെന്ന് വെളിപ്പെട്ടേനെ. തന്റെ പ്രവർത്തനങ്ങളും ചോദ്യം ചെയ്യപ്പെട്ടേനേ. ഇതിനുപരി യേശുവിനെക്കുറിച്ചു വിശ്വാസികൾക്കുള്ള ഇന്നത്തെ അറിവും വിശ്വാസവും അവിശ്വാസയോഗ്യമാകുമായിരുന്നു. വിശ്വാസം പൂർണ്ണമാകുന്നത് ഉയിർപ്പിനാലാണ്. യേശു കുരിശുമരണശേഷം വീണ്ടും ജീവൻ പ്രാപിച്ച് ഉയിർത്തെഴുന്നേറ്റു എന്നതാണ് നമ്മുടെ വിശ്വാസരേഖ.

ക്രിസ്തുവിന്റെ പുനരുത്ഥാനം വിശ്വാസികളുടെ ആത്മീയ ജീവിതത്തെ പുതുക്കുന്നതും അവർക്കു നിത്യമായി ജീവിക്കുവാൻ അർഹതയുണ്ടെന്ന് വിളംബരം ചെയ്യുന്നതുമാകുന്നു. യേശുവിന്റെ മരണം ഉടയവനായ ദൈവം മനുഷ്യരുടെ പാപപരിഹാരാർത്ഥം നടത്തിയ ബലിയാണ്. പുനരുത്ഥാനം വിശ്വസിച്ചു ഏറ്റുപറയുന്ന സകലർക്കും ജീവൻ പകർന്നുകൊടുക്കുന്നതും, മരണത്തിൽ നിന്ന് ഉയിർക്കുവാനുള്ള ശക്തിയെ പ്രദാനം ചെയ്യുന്നതുമാണ്. ഈ നിലയിലാണ് സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിൽ ഇറങ്ങിവന്ന് നമുക്ക് പ്രത്യക്ഷപ്പെട്ട ദൈവപുത്രനായ യേശുവിന്റെ പുനരുത്ഥാനത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്യേണ്ടത്. ■

## കാതോലിക്കാ ദിനാചരണം

മാർച്ച് 18-ാം തീയതി കാതോലിക്കാദിനത്തോടനുബന്ധിച്ച് ബഹു.ബെസിലാൽ റമ്പാച്ചൻ രണ്ടാം കുർബ്ബാന നടത്തുകയും, സഭാചരിത്രത്തെ ആധാരമാക്കി നല്ലൊരു പ്രഭാഷണം നടത്തുകയും ചെയ്തു.കൈമുത്തിനുശേഷം കാതോലിക്കേറ്റ് പതാക ഉയർത്തുകയും, സഭയോടും, പ.കാതോലിക്കാ ബാവാ തിരുമേനിയോടും കൂറും, വിശ്വാസവും പ്രഖ്യാപിച്ചശേഷം മധുരവിതരണത്തോടെ കാതോലിക്കാദിനാചരണം സമുചിതമാക്കി.



കാതോലിക്കേറ്റ് ദിനാചരണത്തോടനുബന്ധിച്ച് ബഹു. ബേസിൽ റമ്പാച്ചൻ പതാക ഉയർത്തുന്നു.



കാതോലിക്ക സിംഹാസനത്തോട് കൂറ് പ്രഖ്യാപിച്ച് പ്രതിജ്ഞ എടുക്കുന്നു.

Parish Members and their children who are staying out of state / country may submit their email ID to <stmaryscathedral.ekm@gmail.com>. Parish news bulletin and other parish informations will be sent to them.

## വിശേഷ ദിവസങ്ങൾ

ഏപ്രിൽ

8 ഞായർ- പുതു ഞായർ

15 ഞായർ- പുതു ഞായറാഴ്ചക്കുശേഷം രണ്ടാം ഞായറാഴ്ച

22 ഞായർ- പുതു ഞായറാഴ്ചക്കുശേഷം മൂന്നാം ഞായറാഴ്ച

മെയ്

3 വ്യാഴം പ.ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്ക ബാവായുടെ 105-ാം ഓർമ്മ (പാമ്പാക്കുട ചെറിയപള്ളി )

## ആദ്രത റിലീഫ് സെന്റർ



ജനറൽ ഹോസ്പിറ്റലിലെ കാൻസർ രോഗികൾക്ക് നടത്തുന്ന മരുന്ന് വിതരണം. ഹോസ്പിറ്റൽ സൂപ്രണ്ടിനും, സ്റ്റാഫിനുമൊപ്പം ബഹു. പോൾ ജോർജ്അച്ചൻ, കെ.കെ. ജോർജ്, തോമസ് എന്നിവർ സമീപം.

## നിര്യാതനായി



എറണാകുളം ചെമ്പുമുക്ക് കിളിക്കുന്നേൽ **ബാബു K. ചെറിയാൻ** (68) 20-03-2018 ൽ നിര്യാതനായി. 23-03-2018 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*





# പീഡാനുഭവ വാരാചരണം

ഓശാന ഞായർ | ദുഃഖ വെള്ളി | ഉയിർപ്പ് ഞായർ

















മാർച്ച് 25-ാം തീയതി മുതൽ ഏപ്രിൽ 1-ാം തീയതി വരെ പീഡാനുഭവവാര ശുശ്രൂഷകൾ കത്തീഡ്രൽ ഇടവക ആചരിച്ചു. 25-ാം തീയതി ഓശാന ഞായറാഴ്ച വൈകിട്ട് റവ.ഡീക്കൻ. ജേക്കബ്.എൻ.വർഗീസ് (നിരണം ), 26-ാം തീയതി വൈകിട്ട് റവ.ഫാ.സി.ജെ എൽദോസ് (മലബാർ), 27-ാം തീയതി റവ. ഫാ.ഡേവിഡ് തങ്കച്ചൻ എന്നിവർ ധ്യാനപ്രസംഗം നിർവ്വഹിച്ചു. ഓശാന, പെസഹാ, ദുഃഖവെള്ളിയാഴ്ച, ഉയിർപ്പ് ശുശ്രൂഷകൾ ഇടവകവികാരിയുടെ പ്രധാന കാർമ്മികത്വത്തിൽ, പതിവിൽ കൂടുതൽ വിശ്വാസികളുടെ പങ്കാളിത്തത്തോടെ നടത്തുവാൻ സാധിച്ചു.

## പ്രത്യേക പരിപാടികൾ - പ്രതിമാസ ധ്യാനം

**പ്രതിമാസ ധ്യാനം ഏപ്രിൽ 13-ാം തീയ്യതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ കത്തീഡ്രലിൽ വച്ച് നടത്തപ്പെടും.**